**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 743** **28-01-2026 - ൽ മറുപടിയ്ക്ക്**

**മണിയൂർ സബ്സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ മണിയൂർ സബ്സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച പുരോഗതി വിശദമാക്കാമോ; | (എ) | മണിയൂരിൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് LARR 2013 ആക്ട് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് ഗവൺമെന്റ് ഓർഡർ 01.11.2025-ന് നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന് ഉള്ള അപേക്ഷ കെ എസ് ഇ ബി എൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ബി) | മണിയൂർ സബ്സ്റ്റേഷനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ എന്ന് പൂർത്തിയാക്കാൻ സാധിക്കും എന്ന് വിശദമാക്കാമോ; | (ബി) | സ്ഥലമേറ്റെടുപ്പ് നടപടികൾ ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയ കൊയിലാണ്ടി സ്പെഷ്യൽ തഹസിൽദാർ (LA) ഓഫീസിൽ നടന്നു വരികയാണ്. |
| (സി) | മണിയൂർ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിലൂടെ ഉണ്ടാകുന്ന പ്രയോജനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | മണിയൂർ കീഴൽ പ്രദേശത്ത് പുതുതായി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നത് വഴി തിരുവള്ളൂർ, മണിയൂർ, തോടന്നൂർ, മേമുണ്ട, വടകര തുടങ്ങിയ സ്ഥലങ്ങളിലെ വൈദ്യുതി പ്രശ്നങ്ങൾക്ക് പരിഹാരമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ